**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 52** **28-01-2026 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറയ്ക്കൽ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. എൻ. കെ. അക്ബർ</td><td colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്തിന്റെ അനുവദനീയമായ കടമെടുപ്പ് പരിധിയിൽ കേന്ദ്രസർക്കാർ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; ഇതിലൂടെ ഈ സാമ്പത്തിക വർഷം ഉണ്ടാകുന്ന കുറവ് എത്രയാണ്; വിശദമാക്കാമോ;</td><td>(എ)</td><td>കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ച് നൽകി പോരുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 13,29,195 കോടി രൂപയുടെ 3 ശതമാനമായ 39,876 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് സാമ്പത്തിക വർഷത്തെ തനി കടമെടുപ്പ് പരിധി. കൂടാതെ, ഊർജ്ജ മേഖലയിലെ പ്രവർത്തനമികവിനെ അടിസ്ഥാനമാക്കി മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 0.5 ശതമാനമായ 6645.97 കോടി രൂപ കൂടി അധിക കടമെടുക്കുന്നതിനുള്ള അർഹത സംസ്ഥാനത്തിന് ഉണ്ട്. ആയതിനുള്ള ശിപാർശ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ് പരിധിയിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം ഇതുവരെ, സംസ്ഥാനത്തിന്റെ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങളായ (Special Purpose Vehicles)KIIFB, KSSPL എടുത്ത വായ്പ ഇനത്തിൽ 12,655.72 കോടി രൂപയും പൊതുകണക്കിലെ നീക്കിയിരുപ്പ് ഇനത്തിൽ 4324.50 കോടി രൂപയും GRF ൽ നിശ്ചിത തുക നിക്ഷേപിക്കാത്തതിനെതുടർന്ന് 3323 കോടി രൂപയും 01.04.2025 ന് മുൻപ് single nodal account ലേയ്ക്ക് കൈമാറാത്ത കേന്ദ്രാവിഷ്കൃത പദ്ധതി ഇനവുമായി ബന്ധപ്പെട്ട് 6.72 കോടി രൂപയും കുറവ് വരുത്തിയിട്ടുണ്ട്. തത്ഫലമായി നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന വരുമാനത്തിൽ ആകെ 20309.94 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ഈ സർക്കാരിന്റെ കാലയളവിൽ കടമെടുപ്പ് പരിധിയിലെ വെട്ടിക്കുറവ് കാരണം ഉണ്ടായിട്ടുള്ള വരുമാന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;</td><td>(ബി)</td><td>2021-22 സാമ്പത്തിക വർഷം മുതൽ ഇതുവരെ കടമെടുപ്പ് പരിധിയിലെ വെട്ടിക്കുറവ് കാരണമുണ്ടായ വരുമാന നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു.<br><br>(തുക കോടിയിൽ)<br><br>
<table>
<tr><th colspan="5">കടമെടുപ്പിൽ കേന്ദ്ര സർക്കാർ വരുത്തിയ വെട്ടിക്കുറവ് മൂലമുണ്ടായ വരുമാന നഷ്ടം</th></tr>
<tr><th>സാമ്പത്തിക വർഷം</th><th>ഓഫ് ബജറ്റ് മൂലം കടമെടുപ്പിൽ ഉണ്ടായ കുറവ്</th><th>പൊതു കണക്കിനത്തിലെ സമാഹരണം</th><th>മറ്റ് കുറയ്ക്കലുകൾ (CSS,GRF മുതലായവ)</th><th>ആകെ കുറയ്ക്കലുകൾ</th></tr>
<tr><td>2021-22</td><td></td><td>19976.60</td><td></td><td>19976.60</td></tr>
<tr><td>2022-23</td><td>8,076.74</td><td>9611.86</td><td></td><td>17688.60</td></tr>
<tr><td>2023-24</td><td>2,144.52</td><td>201.96</td><td></td><td>2346.48</td></tr>
<tr><td>2024-25</td><td>5,694.14</td><td>3159.68</td><td></td><td>8853.82</td></tr>
<tr><td>2025-26</td><td>12,655.72</td><td>4324.50</td><td>3,329.72</td><td>20309.94</td></tr>
<tr><td>ആകെ</td><td>28,571.12</td><td>37,274.60</td><td>3,329.72</td><td>69,175.44</td></tr>
</table></td></tr>
</table>

| | | | |
|---|---|---|---|
| (സി) | കേന്ദ്രസർക്കാരിന്റെ ഇത്തരം നടപടികളെ എതിർക്കുന്നതിനോ ഈ വിഷയം ചർച്ച ചെയ്യുന്നതിനോ അർഹതപ്പെട്ട വിഹിതം ചോദിച്ചുവാങ്ങുന്നതിനോ സംസ്ഥാനത്തുനിന്നുള്ള ചില ജനപ്രതിനിധികൾ ശ്രമിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്തിന്റെ അർഹതപ്പെട്ട കടമെടുപ്പ് വിഹിതം അനുവദിക്കണമെന്നും വെട്ടിക്കുറച്ച കടമെടുപ്പ് വിഹിതം പുനസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട കൊണ്ട് കേന്ദ്ര സർക്കാരിന് നിരവധി തവണ കത്തുകളും നിവേദനങ്ങളും സമർപ്പിച്ചിട്ടുണ്ട്. കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതുൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ച കൊണ്ടു ബഹു. മുഖ്യമന്ത്രി തലത്തിലും ധന മന്ത്രി തലത്തിലും നിവേദനങ്ങൾ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. കൂടാതെ, ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെ ജനപ്രതിനിധികൾ മുഖേന ഫലപ്രദമായ ഇടപെടലുകൾ സാധ്യമാക്കുന്നതിനായി പാർലമെന്റ് സമ്മേളനത്തിന് മുന്നോടിയായിട്ടുള്ള എം.പി മാരുടെ സമ്മേളനത്തിൽ ഇക്കാര്യം അവതരിപ്പിച്ചിട്ടുമുണ്ട്. |
| (ഡി) | ഇത്ര സംബന്ധിച്ച് ഇടപെടുന്ന ജനപ്രതിനിധികളുടെ നിവേദനങ്ങൾക്ക് പാർലമെന്റിനകത്ത് അനുഭാവപൂർണ്ണമായ മറുപടി നൽകുമ്പോഴും സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ കേന്ദ്രസർക്കാരിൽ നിന്നും തീരുമാനങ്ങൾ ഉണ്ടാകുന്നില്ല എന്നത് പരിഗണിച്ച് നിയമ നടപടി ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി O.S 1/2024 State of Kerala vs Union of India പ്രകാരം സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. സംസ്ഥാനത്തിന്റെ ഹർജി ഇപ്പോൾ ഭരണഘടന ബഞ്ചിന്റെ പരിഗണനയിലാണ്. |
| (ഇ) | സംസ്ഥാനത്തിന്റെ പൊതുകടം സംബന്ധിച്ച് സി. എ. ജി.യുടെ റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഇ) | 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള സി. എ. ജി.യുടെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ ആകെ പൊതു കടം 2,67,989.99 കോടി രൂപയാണ്. 2024-25 സാമ്പത്തിക വർഷത്തെ റിപ്പോർട്ട് സി. എ. ജി പ്രസിദ്ധീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ